"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/64/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09-03-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണസ്ഥാപനങ്ങൾ KWA, KSEB, GWD മുഖേന ഡിപ്പോസിറ്റ് പ്രവർത്തികൾ ചെയ്യുന്നത് - തുക കൈമാറുന്നത് - സംബന്ധിച്ച്.

സൂചന:-
1. 21/02/2019 ലെ ഡിഎ1/17 /2019/തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ന് നടന്ന യോഗത്തിന്റെ തീരുമാനം 3.6

**********************

തദ്ദേശഭരണസ്ഥാപനങ്ങൾ വിവിധ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് എന്നിവ മുഖേന ഡിപ്പോസിറ്റ് പ്രവർത്തികളായി ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ഡിപ്പോസിറ്റ് പ്രവർത്തികൾക്കായുള്ള തുക മുകളിൽ പറഞ്ഞ ഏജൻസികൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡിപ്പോസിറ്റ് ചെയ്യാവൂ. ഇങ്ങനെ തുക ഡിപ്പോസിറ്റ് ചെയ്യുന്ന അവസരത്തിൽ തന്നെ തദ്ദേശഭരണസ്ഥാപനം ഈ ഏജൻസിയുമായി മാനദണ്ഡ പ്രകാരമുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.
- KWA, KSEB, GWD തുടങ്ങിയ ഏജൻസികൾ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റ് കൂടാതെയോ ഈ ഏജൻസികളുടെ രേഖാമൂലമുള്ള അറിയിപ്പ് കൂടാതെയോ വർഷാവസാനം തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതല്ല. ഇതു പാലിക്കാതെ തുക ഡെപ്പോസിറ്റ് ചെയ്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.
- ഇത്തരം പ്രവർത്തികളുടെ എസ്റ്റിമേറ്റ് KWA, KSEB, GWD തുടങ്ങിയ ഏജൻസികൾ കാലതാമസം കൂടാതെ തയ്യാറാക്കി നൽകേണ്ടതാണ്.
- തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഈ പ്രവർത്തികളുടെ നിർവ്വഹണം പ്രത്യേകമായി അവലോകനം ചെയ്യണം.
- പൂർത്തിയായ പ്രവർത്തികളുടെ Utilisation Certificate കാലതാമസം കൂടാതെ മേല ഏജൻസികൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിനു നൽകേണ്ടതുമാണ്.

I/5196000/2022

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
11. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
12. ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
13. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. ഊർജ്ജ വകുപ്പ്
20. ജലവിഭവ വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sureshkumar K**
**Date: 10-03-2022 10:38:22**

സെക്ഷൻ ഓഫീസർ.